Question of Privileges

Sri. Ittiera Ambookan: I rise to a point of order. ഇന്ന് തിരുവനന്തപുരം സിറ്റിയിൽ പ്രസിദ്ധീകരണം ചെയ്തിട്ടുള്ള എല്ലാ ദിനപത്രങ്ങളിലും 'ഐ. ജി. ആഫീസിലെ എം. എൽ. എ. ശല്യം' എന്ന വാർത്ത കണ്ടു. ഇങ്ങനെ Sweeping remarks ആയി പൊതുവേ പറയുന്നതു് അതായതു് കൊല്ലത്തെ പേപ്പട്ടി ശല്യം, എറണാകുളത്തെ വെടിവയ്പു് എന്നിങ്ങനെ പൊതുവേ ബാധിക്കുന്ന തരത്തിലുള്ള Sweeping remarks ചെയ്യുന്നതു് ആക്ഷേപകരമാണു്. ഇതു് ഹൗസിന്റെ പ്രിവിലേജസിനെ ഹനിക്കുന്നതാണു്. അതല്ലാ, അങ്ങനെ ഒരു ശല്യം ഉണ്ടെങ്കിൽ അതു് നിറുത്തേണ്ടതുമാണു്.

Mr. Speaker: The hon'ble Member may, if he feels so inclined, raise the matter as a motion in proper form before the House.

Sri. Ittiera Ambooken: I shall raise it as a motion.

Adjourment Motion

Mr. Speaker: I have received notice of an adjurnment motion. Relevant facts relating to the subject matter of the motion have to be ascertained before going into the question of its admissibility. The motion refers to what is described as.—

> "The high-handed action of the Malabar Special Police in terrorising the people of Kattur village in Mukundapuram Taluk on the morning of the 12th March by unjustifiably and illegally entering into the Socialist Party Office, the Excise out-post as well as a private copra mill and beating and abusing persons found therein, and thereby creating breach of peace and violating inter-statal laws."

The Minister concerned will please place all available information on the matter before the House.

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) : ഈ കാര്യം, സംഭവത്തിനുശേഷം സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു പ്രതിനിധി കമ്പിമൂലം എന്നെ അറിയിച്ചു. അതു വച്ചുകൊണ്ടു്, അന്വേഷണം നടത്തുന്നതിനു് ഐ. ജി. യോടു് ആവശ്യപ്പെടുകയും ഐ. ജി. അന്വേഷണം നടത്തുകയും ചെയ്തു. ശരിയായിട്ടു് ഒരു റിപ്പോർട്ടു് കിട്ടിയിട്ടില്ലെങ്കിലും അതിന്റെ വിവരങ്ങൾ അറിവു തന്നിട്ടുണ്ടു്. കാട്ടർ എന്ന സ്ഥലം മദ്രാസു് പ്രാവിൻസിന്റെ തിരുവിതാംകൂർ കൊച്ചി അതിർത്തിയിൽ ഉള്ളതാണു്. അവിടെ ഒരു പ്രഹസനമോ കളിയോ ഫാഴ്സോ മട്ടാരാ നടത്തുന്നുണ്ടായിരുന്നു. അതു് കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എന്നറിഞ്ഞതുകൊണ്ടു് മലബാർ പോലീസു് ആ സ്ഥലത്തു് നേരത്തെ വന്നിരുന്നു. പിടികിട്ടേണ്ട ചില പുള്ളികൾ അവിടെ വന്നുചേരുമെന്നു് അവർക്കു പ്രതീക്ഷയും ഉണ്ടായിരുന്നു. പ്രഹസനം കഴിഞ്ഞതിനുശേഷം അന്വേഷണം നടത്തേണ്ട പുള്ളികൾ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിന്റെ അതിർത്തിക്കുള്ളിൽ കടന്നിരിക്കുന്നതായി അവർക്കു അറിവുകിട്ടി. ആ പുള്ളികളെ ഓടിച്ചുചെന്നു് പോലീസുകാർ പിടിക്കാൻ ശ്രമിച്ചു. ഈ പുള്ളികളോടു് താല്പര്യമുള്ള കുറെ ആളുകൾക്കു് അവരെ ഒളിക്കേണ്ട ആവശ്യം ഉണ്ടായിരുന്നതുകൊണ്ടു് ആ സ്ഥലങ്ങളിലും അന്വേഷിക്കാതെ നിവൃത്തിയില്ലാതായിത്തീർന്നു. ഇങ്ങനെയുള്ള കാര്യത്തിൽ രണ്ടു രാജ്യക്കാർ തങ്ങളിലുള്ള കൺവെൻഷൻ ഇതുമാതിരിയുള്ള അന്വേഷണത്തിനു് സൗകര്യം കൊടുക്കണമെന്നാണു്. സാധാരണ ഏഴു മൈൽവരെ മറുരാജ്യത്തിന്റെ അതിർത്തി കഴിഞ്ഞു് അന്വേഷിക്കാമെന്നാണു് കൺവെൻഷൻ. അതനുസരിച്ചു് അവർ അന്വേഷിച്ചിട്ടുണ്ടു്. ഇതിൽ അവിടത്തെ കസ്റ്റംസ് ഹൗസും മറ്റും ഈ സ്ഥലത്തിൽ ഉൾപ്പെട്ടതും. ഇങ്ങ-

LIBRARY ARCHIVES Kerala Legislative Assembly